VERAPOLY

ARCHDIOCESAN GAZETTE

വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. LII - JK 85 **2024 JANUARY 28** **No.3**

PASTORAL LETTER - 3

വിശുദ്ധനോമ്പുകാലം 2024

യേശുവിൽ പ്രിയ വൈദികസഹോദരരേ,
സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,

2024 ഫെബ്രുവരി 14-ാം തീയതി വിഭൂതി ബുധനാഴ്ച നാം വിശുദ്ധ നോമ്പുകാലം ആരംഭിക്കുകയാണ്. ക്രിസ്തുനാഥന്റെ പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നീ ദിവ്യരഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് ഉപവാസം, പ്രാർത്ഥന, ധർമ്മദാനം തുടങ്ങിയ വിശുദ്ധീകരണ വഴികളിലൂടെ നാം യാത്രചെയ്യുന്ന പുണ്യകാലമാണിത്. പുണ്യങ്ങൾ അഭ്യസിച്ചുകൊണ്ടും പരിത്യാഗപ്രവൃത്തികളിലൂടെയും നമ്മുടെ വ്യക്തി ജീവിതവും കുടുംബജീവിതവും കുറെക്കൂടി നിർമ്മലമാക്കാൻ നാം പരിശ്രമിക്കേണ്ട കാലമാണ് നോമ്പുകാലം. കുരിശിന്റെ തണലാണ് വിശുദ്ധനോമ്പുകാലം എന്ന് പറയാം. കാരണം യേശുവിന്റെ സഹനങ്ങളും കുരിശുമരണവും ധ്യാനിക്കുമ്പോൾ നമ്മുടെ സഹനങ്ങളിലും ദുഃഖങ്ങളിലും നാം ആശ്വാസം കണ്ടെത്തുന്നു. ക്രൂശിതന്റെ തണലിലാണ് നാം ജീവിക്കുന്നത് എന്ന യാഥാർത്ഥ്യം നമ്മെ ശക്തിപ്പെടുത്തുന്നു. ഈ വിശുദ്ധ നോമ്പുകാലത്ത് കുരിശിന്റെ വഴിയിലൂടെ

നാം നടക്കും. യേശുവിന്റെ പീഡാസഹനങ്ങളെ നാം ധ്യാനിക്കുമ്പോൾ അത് നമ്മുടെ ജീവിതത്തിന് ബലം നൽകുന്ന ഒരു അനുഭവമായി മാറും. നമ്മുടെ ജീവിതത്തിലെ ക്ലേശങ്ങളുടെയും ആകുലതകളുടെയും മധ്യേ ആശ്വാസത്തിന്റെ ഒരു തലോടലുമായി ക്രൂശിതനായ ക്രിസ്തു കൂടെയുണ്ടെന്നുള്ള അനുഭവം നിശ്ചയമായും ഒരു ബലം തന്നെയാണ്. ആഗതമാകുന്ന വിശുദ്ധ നോമ്പുകാലം അനുഗ്രഹദായകമാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

വി.പൗലോസപ്പോസ്തലൻ ഗലാത്തിയർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു; "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും മേന്മ ഭാവിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ. അവനെപ്രതി ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാ. 6:14). യേശുവിന്റെ കുരിശിലാണ് നാം മേന്മ ഭാവിക്കേണ്ടത്. അവിടുന്ന് കുരിശിലൂടെയാണ് നമുക്ക് രക്ഷ നേടിത്തന്നത്. അതുകൊണ്ടുതന്നെ നമ്മുടെ ജീവിതത്തിന്റെ സങ്കീർണ്ണതകളിൽ നമ്മുടെ നോട്ടം പതിയേണ്ടത് യേശുവിന്റെ കുരിശിൽതന്നെയാണ്. യേശുവിനെപ്രതി ലോകത്തിന് ക്രൂശിക്കപ്പെട്ടവരായി ജീവിക്കാൻ നമുക്ക് സാധിക്കണം. അതിന് നമ്മെ സഹായിക്കുന്ന പുണ്യങ്ങളുടെ വസന്തകാലമാണ് വിശുദ്ധ നോമ്പുകാലം.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ കഴിഞ്ഞവർഷം വിഭൂതി ബുധനാഴ്ചയിലെ തിരുക്കർമ്മമധ്യേ പറഞ്ഞു - ശിരസിൽ ക്ഷാരം പൂശുമ്പോൾ നാം നമ്മൾതന്നെയാകുന്ന സത്യത്തിലേക്ക് മടങ്ങേണ്ടവരാണെന്ന് ഓർമ്മപ്പെടുത്തുന്നു എന്ന്. കർത്താവ് മാത്രമാണ് ദൈവമെന്നും, നാം അവിടുത്തെ കരവേലയുടെ സൃഷ്ടികളാണെന്നുമുള്ളതാണ് ആ സത്യം. പാപ്പാ തുടർന്നു പറഞ്ഞു - നോമ്പുകാലം സത്യത്തിന്റെ കാലമാണ്. ലോകത്തിന്റെ മുമ്പിൽ എല്ലാം തികഞ്ഞവരാണെന്ന മട്ടിൽ നാം അണിഞ്ഞുനടക്കുന്ന മുഖംമൂടികൾ അഴിച്ചുമാറ്റേണ്ടകാലമാണ് എന്ന്. ഇതാണ് സ്വീകാര്യമായ സമയമെന്നും നമ്മുടെ ബലഹീനതയുടെയും പാപത്തിന്റെയും പൂഴിയിൽ നാം വീണുപോകുമ്പോഴും, നാം നിരാശപ്പെടരുതെന്ന് നിരന്തരം അരുൾചെയ്തുകൊണ്ട് തന്റെ മക്കളുടെ തിരിച്ചുവരവിനായി കാത്തിരിക്കുന്ന ഹൃദയാലുവും

കരുണാമയനുമായ ഒരു പിതാവുണ്ടെന്ന് നോമ്പുകാലം നമ്മെ അനുസ്മരിപ്പിക്കുന്നുവെന്ന് ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിച്ചു.

പ്രിയമുള്ളവരേ, വിശുദ്ധമായ നോമ്പുകാലദിനങ്ങളിൽ പ്രാർത്ഥനാചൈതന്യത്തോടെ നാം വ്യാപരിക്കുമ്പോൾ പെസഹാരഹസ്യങ്ങൾ നമ്മുടെ ജീവിതത്തിൽ എപ്രകാരം ഉൾക്കൊള്ളാൻ കഴിയും എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. യേശുനാഥൻ തന്റെ പീഢാസഹനത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും പാപത്തിന്റെയും മരണത്തിന്റെയുംമേൽ കൈവരിച്ച വിജയം ആഘോഷിക്കുവാനായി നാം ഒരുങ്ങുമ്പോൾ പാപകരമായ ജീവിതം പാടെ ഉപേക്ഷിക്കുവാനും ക്രൂശിതനായ ക്രിസ്തുവിനോട് അനുരൂപരായി ജീവിക്കുവാനും നാം പരിശ്രമിക്കണം. നമ്മുടെ കുടുംബങ്ങളിൽ ക്രൈസ്തവമൂല്യങ്ങൾ നിറഞ്ഞുനിൽക്കണം. ഒരുമിച്ചുള്ള കുടുംബപ്രാർത്ഥനയും പരസ്പരമുള്ള സ്തുതിചൊല്ലലും അന്യോന്യം അംഗീകരിച്ചുകൊണ്ടും ആദരിച്ചുകൊണ്ടുമുള്ള സംഭാഷണശൈലിയും നഷ്ടമാകാൻ ഇടയാകരുത്. നമ്മുടെ കുട്ടികൾ നല്ല ക്രൈസ്തവാന്തരീക്ഷത്തിൽ വളരാനുള്ള സാഹചര്യം കുടുംബങ്ങളിൽ എന്നുമുണ്ടാകണം.

2024 നാം യുവജനവർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ ഇത് യുവജനവർഷത്തിലെ നോമ്പുകാലമാണ്. പ്രിയപ്പെട്ട യുവതീയുവാക്കളെ, നിങ്ങൾ എല്ലാവരും പ്രത്യേകമായി ഈ നോമ്പുകാലം പവിത്രമായി ആചരിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുകയാണ്. ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ധർമ്മദാനത്തിലൂടെയും നിങ്ങളുടെ ജീവിതം കുറേക്കൂടി നവീകരിക്കാൻ പരിശ്രമിക്കണം. ലോകത്തിന്റെ ആകർഷണങ്ങളിൽ നിന്ന് വിട്ടുനിൽക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം.

തിരുസഭ അനുശാസിക്കുന്ന രീതിയിൽ ഉപവാസത്തിലൂടെയും പ്രായശ്ചിത്തപ്രവൃത്തികളിലൂടെയും ഭക്ഷണപാനീയങ്ങളുടെ വർജ്ജനത്തിലൂടെയും ഈ നോമ്പുകാലം അർത്ഥപൂർണ്ണമായി ആചരിക്കാൻ എല്ലാവരെയും, പ്രത്യേകമായി എല്ലാ യുവജനങ്ങളെയും ഞാൻ ആഹ്വാനം ചെയ്യുകയാണ്.

ഈ വിശുദ്ധ നോമ്പുകാലം നവ്യമായ ഒരു പ്രാർത്ഥനാനുഭവം നമുക്ക് സമ്മാനിക്കട്ടെ. കുരിശിന്റെ വഴിയിലൂടെ നടന്ന് നമ്മുടെ വിശ്വാസത്തിന്റെ പരമോന്നതസത്യമായ യേശുക്രിസ്തുവിന്റെ ഉത്ഥാനമഹത്വത്തിന്റെ ആഘോഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2024 ജനുവരി 28-ാം തീയതി,

✠ ജോസഫ് കളത്തിപ്പറമ്പിൽ
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

N.B.: **ഈ ഇടയലേഖനം 2024 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

സർക്കുലർ - 5

പെസഹാകാല കടമകൾ

തിരുസഭയുടെ കല്പനകളിൽ പ്രധാനപ്പെട്ടവയാണ് കുമ്പസാരത്തേയും വിശുദ്ധ കുർബ്ബാനസ്വീകരണത്തേയും സംബന്ധിച്ചുള്ളവ. അതേപറ്റി കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നത് ഇപ്രകാരമാണ്. "യോഗ്യമായ ഒരുക്കത്തോടെ വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ വിശുദ്ധ കുർബ്ബാന സ്വീകരിക്കണമെന്നാണ് സഭ വിശ്വാസികളോട് ആവശ്യപ്പെടുന്നത്. ചുരുങ്ങിയത് ഉയിർപ്പുതിരുനാളിലെങ്കിലും വിശ്വാസികൾ വിശുദ്ധകുർബ്ബാന സ്വീകരിക്കണം". (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, നമ്പർ 290). തിരിച്ചറിവിന്റെ പ്രായമെത്തിയ ഓരോ വിശ്വാസിയും വർഷത്തിലൊരിക്കലെങ്കിലും മാരക പാപങ്ങൾ ഏറ്റുപറഞ്ഞു കുമ്പസാരിക്കാൻ കടപ്പെട്ടിരിക്കുന്നു.

മേൽപ്പറഞ്ഞ കടമകൾ നിറവേറ്റുന്നതിന് വിശ്വാസികൾക്കു സൗകര്യം ലഭിക്കുന്നതിനു പതിവുപോലെ ക്ഷാരബുധൻ മുതൽ പെന്തക്കോസ്താതിരുനാൾവരെയുള്ള സമയം ഇതിനായി നിശ്ചയിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ കടമകളെക്കുറിച്ചു വിശ്വാസികളെ ഓർമ്മപ്പെടുത്തേണ്ടതാണ്.

എറണാകുളം
28.01.2024

✠ *ജോസഫ് കളത്തിപ്പറമ്പിൽ*
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

CIRCULAR - 6

The Chrism Mass

Dear Rev. Fathers,

The Liturgy recommends that the Mass of the Chrism concelebrated by the Bishop and his priests, should be manifestation of the fellowship of the priests with their Bishop. In order to show the unity of the presbyterium it is recommended that as many priests as possible of our Archdiocese participate in the Concelebrated Mass of the Chrism at 7.30 am in our St. Francis Assisi Cathedral on Maundy Thursday, March 28, 2024.

Yours devotedly in Christ Jesus,

Ernakulam
28.01.2024

✠ **Joseph Kalathiparambil**
Archbishop of Verapoly

CIRCULAR - 7

Devotion to St. Joseph

Dear Rev. Fathers,

As St. Joseph is the Patron of the Universal Church and also the special Patron of our Archdiocese according to the Rescript of Pope Leo XIII, dated April 1, 1888 his Feast must be celebrated as Solemnity.

The highly fruitful devotion to St. Joseph, which has been a special feature of our people from ancient times, has to be kept up with increasing fervour, especially in these days of spiritual aridity and disruption of family life.

I would therefore direct as follows:-

1. The feast should be solemnly celebrated with High Mass, Sermon etc.
2. Wherever possible, a treat to the poor should be arranged.

With cordial blessings,

Ernakulam
28.01.2024

✠ **Joseph Kalathiparambil**
Archbishop of Verapoly

CIRCULAR - 8

വന്ദ്യവൈദികരെ,

ഇ.എസ്.എസ്.എസിന്റെ ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി വിപുലീകരിക്കുന്നതിനും, കാൻസർ ചികിൽസാനിധിയിലേക്ക് കൂടുതൽ തുക സമാഹരിക്കുന്നതിനുമായി 2024 മാർച്ച് 28-ാം തീയതി പെസഹാ വ്യാഴാഴ്ച അതിരൂപതയിലെ എല്ലാ ഇടവകകളിലും ദിവ്യ ബലി മധ്യേ സ്തോത്രക്കാഴ്ച എടുത്ത് പ്രസ്തുത തുക ഇ.എസ്. എസ്.എസ് ഓഫീസിൽ താമസംവിനാ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

എറണാകുളം
28.01.2024

✠ *ജോസഫ് കളത്തിപ്പറമ്പിൽ*
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

NOTIFICATION - 5

Dear Rev. Fathers /Sisters,

The Archdiocesan Curia will remain closed during the Holy Week, 2024 March 25-31. The Reverend Parish Priests are kindly requested to inform the people about it. No petitions shall be accepted during these days.

Ernakulam
28.01.2024

Chancellor
Archdiocese of Verapoly

CIRCULAR - 9

2024 ഫെബ്രുവരി 11- തിരുബാലസഖ്യ ദിനം

കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളെ,
സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ചയാണ്. സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യം വെച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2: 51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടു വരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ എതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവിടങ്ങളിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ സന്തോഷം 260)

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത്

വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമള ക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മി ക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷി ക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. കുട്ടികളുടെ ഇടയിൽ പോലും മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരു ടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃതങ്ങളി ലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാ തിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദസംഘങ്ങളിലേക്കും മറ്റ് അപകടമേഖലയി ലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടു ക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മ കവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. നമ്മുടെ കുട്ടികൾ സഭാ വിരോധി കളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യ ങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി

കുറയ്ക്കാനുള്ള ആസൂത്രിതശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻപ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന് പുറത്തേക്ക് പോയിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതു പോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചയുടെ സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ

ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ

ബിഷപ്പ് മാർ തോമസ് തറയിൽ
ചെയർമാൻ
കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്
വൈസ് ചെയർമാൻ
കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി
വൈസ് ചെയർമാൻ
കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

N.B.: **ഈ സർക്കുലറിലെ വിവരങ്ങൾ 2024 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ ജനങ്ങളെ അറിയിക്കേണ്ടതാണ്.**

CIRCULAR - 10

കമ്മ്യൂണിയോ ഇന്ത്യ ഞായർ

യേശുവിൽ പ്രിയ സഹോദരവൈദികരേ,
സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,

ഭാരത ലത്തീൻ കത്തോലിക്കാ മെത്രാൻസമിതിയുടെ ആഹ്വാനമനുസരിച്ചുള്ള 'കമ്മ്യൂണിയോ ഇന്ത്യ' ആചരണം കേരള ലത്തീൻ സഭയിൽ നടത്തപ്പെടുന്നത് നോമ്പുകാല ആദ്യഞായറാഴ്ചയായ 2024 ഫെബ്രുവരി 18-ാം തീയതിയാണ്. ഭാരതത്തിലെ മിഷൻപ്രവർത്തനങ്ങൾ നടത്തുന്ന സജീവപങ്കാളികളായ മിഷനറിമാരേയും മിഷൻ പ്രദേശങ്ങളെയും സാധിക്കുന്ന രീതിയിൽ സഹായിക്കുന്നതിനും നമ്മൾ ഒന്നാണ് എന്ന ചിന്തയോടെ ഭാരതത്തിലെ ക്രൈസ്തവകൂട്ടായ്മയിൽ സജീവപങ്കാളികളാകുന്നതിനും പങ്കുവയ്ക്കുന്നതിനും 'കമ്മ്യൂണിയോ ഇന്ത്യ ഞായർ ആചരണം' ഉപകരിക്കട്ടെയെന്ന് ആശംസിക്കുന്നു. ഫെബ്രുവരി 18 ഞായറാഴ്ചത്തെ ദിവ്യബലിയിൽ ഈ നിയോഗം സമർപ്പിച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തണമെന്നും ഇതിലേക്കായി സ്വമനസ്സാലുള്ള സംഭാവനകൾ ലഭിച്ചാൽ താമസംവിനാ അത് അതിരൂപതാ കച്ചേരിയിൽ ഏല്പിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു.

എറണാകുളം
28.01.2024

✠ **ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

CIRCULAR - 11

മദ്യവിരുദ്ധ ഞായർ

യേശുവിൽ പ്രിയ സഹോദര വൈദികരേ,
സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,

2024 ഫെബ്രുവരി 25-ാം തീയതി നാം മദ്യവിരുദ്ധ ഞായറായി ആചരിക്കുന്നു. മദ്യവും മയക്കുമരുന്നും നമ്മുടെ സമൂഹത്തെ നശിപ്പിക്കുന്ന മഹാവിപത്താണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗവും ലഭ്യതയും വർദ്ധിച്ചപ്പോൾ കുടുംബനാഥന്മാർ മാത്രമല്ല യുവജനങ്ങളും കുട്ടികളുംവരെ ലഹരിയുടെ അടിമത്ത്വത്തിലേക്ക് വഴുതി വീഴുന്നു. നമ്മുടെ കുടുംബങ്ങളുടെ തകർച്ചയ്ക്ക് പ്രധാനകാരണമായ ലഹരിവസ്തുക്കൾ പാടേ ഉപേക്ഷിക്കുവാനുള്ള തീരുമാനം ഇടവക തലത്തിൽ എടുക്കുവാൻ നമുക്കു സാധിക്കണം. ലഹരിവിരുദ്ധ പ്രവർത്തനങ്ങളോടൊപ്പം മദ്യപാനത്തിനും മയക്കുമരുന്നിനും അടിമകളായവരെ ചികിത്സിക്കുവാനും ബോധവത്കരണ പരിപാടികളോടൊപ്പം ക്രിയാത്മകമായി ജീവിക്കുവാനുമുള്ള കർമ്മപരിപാടികൾ നാം ആസൂത്രണം ചെയ്യേണ്ടതുണ്ട്. നമ്മുടെ അതിരൂപതയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന എല്ലാവരെയും ഈ അവസരത്തിൽ പ്രത്യേകം അനുമോദിക്കുന്നു. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും വേണ്ടുന്ന സഹകരണവും നല്കണമെന്ന് നിങ്ങളെ ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ആചരണപരിപാടികൾ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മദ്യവിരുദ്ധ ഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ അതിരൂപതാ കച്ചേരിയിൽ 2024 ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കേണ്ടതാണെന്നും ഓർമ്മിപ്പിക്കുന്നു.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2024 ജനുവരി 28-ാം തീയതി.

എറണാകുളം
28.01.2024

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

CIRCULAR - 12

മദ്യവിരുദ്ധ ഞായർ - 2024 ഫെബ്രുവരി 25

മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ. സി. ബി. സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ ഫെബ്രുവരി 25 – മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപണനം, സംഭരണം, വില്പന എന്നിവ നാൾക്കുനാൾ വർദ്ധിച്ചു വരുന്ന ഇക്കാലയളവിൽ നാം ആചരിക്കുന്ന മദ്യവിരുദ്ധ ഞായറിന് വളരെ പ്രസക്തിയുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം അതീവഗൗരവത്തോടെ നാം വിലയിരുത്തണം. കേരളം മദ്യ-മയക്കുമരുന്നുപയോഗിക്കുന്നവരുടെയും വില്പനക്കാരുടെയും സുരക്ഷിത താവളമായി കേരളം മാറിയെന്നത് ദൗർഭാഗ്യകരമാണ്. നമ്മുടെ നാടും കുടുംബങ്ങളും മയക്കുമരുന്നു കൈകാര്യം ചെയ്യുന്ന ക്രിമിനലുകൾ പിടിച്ചടക്കിയിരിക്കുകയാണ്. ഇവരെ നിലയ്ക്കു നിർത്താനും അമർച്ച ചെയ്യാനും നമ്മുടെ ഭരണാധികാരികൾ തീർത്തും പരാജയപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ സമൂഹവും സഭയും ഉണരേണ്ടതും അനിവാര്യമാണ്.

മദ്യവിരുദ്ധ സഭയും സമൂഹവും എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കെ.സി.ബി.സിയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധ പ്രസ്ഥാനം ആരംഭിച്ചിട്ടു 25 വർഷം പിന്നിടുകയാണ്. ജനദ്രോഹപരമായി ഭരണനേതൃത്വം കാലാകാലങ്ങളിലായി പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന മദ്യനയം കേരളത്തെ മദ്യത്തിൽ മുക്കിക്കൊന്നുകൊണ്ടിരിക്കുന്നു. പലപ്പോഴും ഏതു കുറ്റകൃത്യത്തിന്റെയും വാഹനാപകടത്തിന്റെയും മുൻപിൽ വില്ലനാകുന്നത് മദ്യ-ലഹരി ഉപയോഗമാണ്. ആന്റിനർകോട്ടിക്സ് ടാസ്ക്ഫോഴ്സിന്റെ സംസ്ഥാന വ്യാപകമായ ലഹരിവേട്ടയിൽ രാജ്യാന്തര വിപണിയിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ലഹരി മരുന്നുകളാണ് പിടിച്ചെടുക്കുന്നത്. ലഹരിവേട്ടയിലെ ആത്മാർത്ഥതപോലും സംശായസ്പദമായിരിക്കുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്.

മദ്യ-രാസലഹരിയുടെ നീരാളി കൈകളിൽ നിന്ന് നമ്മുടെ സ്കൂൾ-കോളേജ് തലത്തിൽ പഠിക്കുന്ന കുട്ടികളെയും യുവതി യുവാക്കളെയും രക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യമാണ്; സർക്കാരിന്റെ കടമയാണ്. തിന്മക്കെതിരെ പോരാടുവാനുള്ള ധൈര്യവും ആർജ്ജവവും സഭയ്ക്കുണ്ടാകണം. മദ്യപാനികളെയും മദ്യവ്യാപാരികളെയും സഭയുടെ എല്ലാ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ നിന്നും മാറ്റിനിർത്താൻ ആർജ്ജവത്വം കാണിക്കുമെങ്കിൽ അതു സഭയുടെ പ്രതിഛായയെ സമൂഹത്തിൽ തിളക്കമുള്ളതാക്കിത്തീർക്കും. നാനാതരത്തിലുള്ള തിന്മകളുടെ അടിസ്ഥാന കാരണമായ മദ്യ-ലഹരി ഉപയോഗത്തെ ശക്തമായി പ്രതിരോധിക്കാൻ സഭ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം. ചെറിയ ആലസ്യങ്ങൾപോലും വലിയ ആഘാതങ്ങളെ ക്ഷണിച്ചു വരുത്തും.

ആത്മാർത്ഥതയും അർപ്പണ മനോഭാവമുള്ള മദ്യവിരുദ്ധ പ്രവർത്തകരെയാണ് ഇന്ന് സഭയ്ക്കാവശ്യം. കേരളത്തിലെ 32 രൂപതകളെ 6 മേഖലകളായി തിരിച്ച് ഓരോ മേഖല ഡയറക്ടറച്ചന്മാരുടെ സഹായത്തോടെ ഫൊറോനാ, ഇടവകതലങ്ങളിലായി മദ്യവിരുദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. മദ്യത്തിനെതിരായ ബോധവൽക്കരണം എല്ലാ രീതിയിലും ഫലപ്രദമായി നടത്താൻ പറ്റുന്ന സംവിധാനമാണ് ഇന്ന് സഭയ്ക്കുള്ളത്. സംവിധാനം ഫലപ്രദമാക്കാൻ അതിന്റെ പ്രവർത്തകർ തയ്യാറാകണം. ബോധവൽക്കരണത്തിന്റെ ഭാഗമായി മദ്യ-രാസലഹരിക്കെതിരെയുള്ള പ്ലക്കാർഡുകൾ വഹിച്ചുള്ള റാലികളും വാഹന ജാഥകളും ഭവനസന്ദർശനവും കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കണം. മതബോധനത്തിനൊപ്പം മദ്യ-രാസലഹരി ഉപയോഗം സംബന്ധിച്ചുള്ള ക്ലാസ്സുകൾ നൽകണം. ശക്തമായ ഒരു ജനമുന്നേറ്റത്തിലൂടെ മാത്രമെ ഈ വിപത്തിനെ ചെറുത്തു തോല്പിക്കാനാവൂ. ആരോഗ്യത്തിനു ഹാനികരമെന്ന് ലേബൽ എഴുതി ഒട്ടിച്ചശേഷം മദ്യം സർക്കാരിന്റെ ഒത്താശയോടെ വില്ക്കുന്നു. വിഷം വിറ്റു കാശാക്കുന്നു. മദ്യത്തിന്റെ മുഖ്യ ചേരുവ സ്പിരിറ്റാണ്. കരിമ്പിൻ ചണ്ടിയിൽ നിന്ന് രാസപദാർത്ഥങ്ങൾ ചേർത്ത് നിർമ്മിക്കുന്ന എതനോലിൽ (Ethanol) മദ്യത്തിന്റെ അളവ് 96 ശതമാനം വരും. ഇതിൽ നിറവും കൃത്രിമ രുചികളും നിശ്ചിത അളവിൽ വെള്ളവും ചേർത്ത് കുപ്പികളിലാക്കുമ്പോൾ അത് ആരോഗ്യ

ത്തിനു ഹാനികരമായ മുന്തിയ ഇനം വിഷമാകുന്നു. ഇത് ശരീരത്തിന്റെ വിവിധ അവയവങ്ങളെ പ്രധാനമായും തലച്ചോറിനെ ദോഷകരമായി ബാധിക്കും. ഉപഭോക്താവിന്റെ ചിന്താശക്തിയെ അത് നശിപ്പിക്കുന്നു. മദ്യ-രാസലഹരിയുടെ ഉപയോഗംമൂലം ശരീരത്തിന്റെ പ്രതിരോധ ശക്തി കുറയുന്നു. അതുമൂലം പകർച്ച വ്യാധികൾ പിടിപെടുന്നു. സ്വയം നശിക്കുകമാത്രമല്ല കുടുംബാംഗങ്ങളുടെ സ്വസ്ഥതയും സമാധാനവും സമ്പത്തും അത് നഷ്ടപ്പെടുത്തുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം ആത്മഹത്യയ്ക്കു വഴിയൊരുക്കുന്നു. സമൂഹത്തിലെ കുറ്റകൃത്യങ്ങളിൽ ഏറ്റവും വലിയ വില്ലൻ മദ്യ- രാസലഹരിയുടെ ഉപയോഗം തന്നെ.

മദ്യവർജനമാണ് തങ്ങളുടെ നയമെന്ന് പ്രഖ്യാപിച്ച് നയരേഖയുണ്ടാക്കി തെരഞ്ഞെടുപ്പിൽ മത്സരിച്ച ജനപ്രതിനിധികൾ മദ്യവർജനത്തിനുവേണ്ടി ഒരു ചെറുവിരൽപോലും അനക്കുന്നില്ല എന്നതാണ് പരമാർത്ഥം. ഏഴു വർഷം മുമ്പ് 29 ബാറുണ്ടായിരുന്ന ഈ സംസ്ഥാനത്ത് 751 ബാറുകളാണിന്നുള്ളത്. യഥേഷ്ടം ബിവിറേജ് ഔട്ട്ലറ്റുകളും IT മേഖലകളിൽ പബ്ബുകൾ ആരംഭിച്ചതും പഴച്ചാറിൽ നിന്ന് മദ്യം ഉൽപാദിപ്പിച്ചതും അവസാനമായി നിത്യോപയോഗ സാധനങ്ങൾ ലഭിച്ചിരുന്ന സിവിൽസപ്ലൈ കടകൾവരെ വിപണന കാര്യങ്ങൾ എത്തിച്ചതും ഉത്തരവാദിത്തപ്പെട്ടവർ തന്നെ. 2023 മെയ്മാസം കൊച്ചി പുറംകടലിൽ നിന്ന് 15,000 കോടിയുടെ രാസലഹരി എൻ.സി.ബി.യും നാവികസേനയും സംയുക്തമായി പിടിച്ചെടുത്തു. ഇതുപോലെ ദിനംപ്രതി കടൽ, കര, വ്യോമ മാർഗ്ഗങ്ങളിലൂടെ കോടിക്കണക്കിന് രാസലഹരി നിർബാധം ഒഴുകുന്നു. ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ നാട് ഭ്രാന്താലയമാകും.

മദ്യ-ലഹരി വിരുദ്ധ സമിതിയുടെ രജതജൂബിലി വർഷത്തിൽ വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സമിതി തീരുമാനിച്ചിട്ടുണ്ട്. കെ.സി.ബി.സി.യുടെ വിവിധ കമ്മീഷനുകൾവഴി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന മദ്യവിരുദ്ധ പ്രവർത്തനങ്ങൾ അതാതു കമ്മീഷനുകൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. നമ്മുടെ കുടുംബങ്ങൾ, ഇടവക, സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുക, ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കുക,

മദ്യ-ലഹരി വിരുദ്ധ സന്ദേശയാത്ര, മദ്യവിരുദ്ധ പ്രാർത്ഥനാ സമ്മേളനങ്ങൾ ഇവയൊക്കെ അതിനു ഏതാനും നിദാനങ്ങൾ മാത്രം. കേരളത്തിൽ മദ്യ-ലഹരി വിമുക്ത സമൂഹം രൂപപ്പെടുത്തുവാൻ ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നത് കേരള കത്തോലിക്കാ സഭയ്ക്കാണ്. വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിൽ നാം ഫലപ്രദമായും ക്രീയാത്മകമായും പ്രവർത്തിക്കുന്നതു പോലെ നമ്മുടെ സമൂഹത്തിൽ നാശംവിതയ്ക്കുന്ന മദ്യവും രാസലഹരിയും നിർത്തലാക്കാൻ നമുക്ക് പരിശ്രമിക്കാം. ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

ബിഷപ്പ് യുഹാനോൻ മാർ തെയഡോഷ്യസ്
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

ബിഷപ്പ് ആർ. ക്രിസ്തുദാസ്
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

ബിഷപ്പ് സെബാസ്ത്യൻ വാണിയപുരയ്ക്കൽ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

N.B.: **ഈ സർക്കുലർ 2024 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.**

NOTIFICATION -5

TRANSFERS AND APPOINTMENTS

31 January & 4 February 2024

1. **Rev. Fr. Abi Francis Durom**
   Asst. Parish Priest
   St. James Church, Cheranellur 682 034

2. **Rev. Fr. Albert George Xavier Kattukandathil**
   Asst. Parish Priest
   Infant Jesus Church, EKM, Cochin 682031

3. **Rev. Fr. Allphin Antony Kochuveettil**
   Asst. Parish Priest
   St. Jude Thaddeus Church, Ettekar, Edathala - 683 564.

4. **Rev. Fr. Antony Francis Manaparambil**
   Asst. Parish Priest, St. Joseph's Church,
   Vadakekottavathil, Tripunithura - 682 301.

5. **Rev. Fr. Colin Pulickal**
   Assistant Procurator , Archdiocese of Verapoly
   Latin Archbishop's House
   Post Box No. 2581, Cochin - 682 031.

   Residence :
   Holy Angles' Institute and Estate,
   Kalamassery - 682 022.

6. **Rev. Fr. Ebin Vivera Thekkekanissery**
   Asst. Parish Priest
   Our Lady of Perpetual Help Church
   Valappu, Ochanthuruth - 682 508.

7. **Rev. Fr. Edison Joseph Villanassery**
Asst. Parish Priest , Holy Family Church
Perumpilly, Narakkal P.O.- 682 505.

8. **Rev. Fr. George Tinku Punnakkattussery**
Asst. Parish Priest
Sacred Heart of Jesus Church, Kothad - 682 027.

9. **Rev. Fr. Jilu Jose Mulloor**
Asst. Parish Priest, St. John the Baptist Church
Palarivattom, Cochin - 682 025

10. **Rev. Fr. Joseph Tony Karvalio Muringanath**
Asst. Parish Priest, St. George's Church
Perumanoor, Cochin - 682 016.

11. **Rev. Fr. Karel Joice Kalathiparambil**
Asst. Parish Priest
National Shrine Basilica of Our Lady of Ransom ,
Vallarpadom, Cochin - 682 504

13. **Rev. Fr. Lithin Jose Nedumparambil**
Priest in Charge
St. Joseph's Church, Kadamakkudy 682 027

14. **Rev. Fr. Lipin Jose Kooliyath**
Asst. Parish Priest, St. George's Church
Vadel, Nayarambalam P.O.- 682 509

15. **Rev. Fr. Martin Garrison Paiva Palliparambil**
Asst. Parish Priest, St. Antony's Church
Vaduthala, Cochin - 682 023.

16. **Rev. Fr. Nijin Joseph Kattiparambil**
Asst. Parish Priest
Our Lady of Immaculate Conception Church
Koratty - 680 309.

17. **Rev. Fr. Raphael Stinil Chanassery**
Asst. Parish Priest, St. Raphael's Church
Thykoodom, Cochin - 682 019

18. **Rev. Fr. Renil Thomas Ittikkunnath**
Asst. Parish Priest
St. Ambrose Church, Edavanakad - 682 502.

19. **Rev. Fr. Rinoy Xavier Kalapurakkal**
Asst.Parish Priest, St. Mary Magdalene's Church
Moothedom, Maradu - 682 304

20. **Rev. Fr. Roshan Raphael Neissery**
Asst. Parish Priest, St. George's Church
Karthedom, Malipuram P.O- 682 511.

21. **Rev. Fr. Sebi Victor Thundiparambil**
Asst. Parish Priest, Little Flower Church,
Pottakuzhy, N. Kaloor - 682 017

22. **Rev. Fr. Shamil Joseph Thykkoottathil**
Asst. Parish Priest, Holy Family Church.
S. Chittoor, Cochin - 682 027.
& Asst. Director, Navadarsan

23. **Rev. Fr. Sibin Josy Nellissery**
Asst. Director , Navajeevan Animation Centre
Thottuva- 683544

24. **Rev. Fr. Sinu Cleetus Chamminikodath**
Asst. Parish Priest, Mount Carmel Church
Chathiath, Cochin - 682 012.

25. **Rev. Fr. Sunil Mudavassery**
Asst. Parish Priest, Cruz Milagris Church
Kurisinkal, Ochanthuruth - 682 508.

26. **Rev. Fr. Sujith Stanly Naduvilaveettil**
Asst. Parish Priest
St. Philomena's Church & St. Kuriakose Elias Chavara Shrine
Koonammavu - 683 518

27. **Rev. Fr. William Charles Thaikkoottathil**
Asst. Parish Priest, Our Lady of Mercy Church
Ponnarimangalam, Cochin - 682 504.

28. **Rev. Fr. Savio Antony Thekkepadath**
Asst. Parish Priest
National Shrine Basilica of Our Lady of Ransom ,
Vallarpadom, Cochin - 682 504

29. **Rev. Fr. Sobin Stanlin Pallath**
Asst. Parish Priest, Mount Carmel Church
Chathiath, Cochin - 682 012.

30. **Rev. Fr. Ashish Augustin Thundiparambil**
Asst. Parish Priest, St. Michael's Church
Chembumukku, Kakkanad, Thrikkakara P.O.,
Cochin - 682 021.

31. **Rev. Fr. Jixon Johny Cheriyil**
Asst. Parish Priest, St. Francis Xavier's Church
Kaloor, Cochin - 682 017

32. **Rev. Fr. Nivin Nixon Puthukkada**
Vice Rector, St. Joseph's Minor Seminary
South Kalamassery, University P.O., Pin- 682 022.

33. **Rev. Fr. Sonu Ambrose Ithithara**
Asst. Director, Lourdes Hospital
Pachalam, Cochin - 682 012.

34. **Rev. Fr. Merton D'Silva Malieckal**
Santhwana Mission

35. **Rev. Fr. John Christopher Vadassery**
Parish Priest, St. Sebastian's Church
Bolghatty, Cochin - 682 504.

36. **Rev. Fr. Prince Xavier Kannothuparambil**
Priest in Charge
Sacred Heart Church, Mudical - 683 542.

37. **Rev. Fr. Jolly John Odathackal**
Studies
Residence : Holy Angles' Institute and Estate,
Kalamassery - 682 022.

38. **Rev. Fr. Philip Thaiparambil**
Priest in Charge, Sacred Heart Church
Kristunagar, NAD, Aluva – 683563.

39. **Rev. Fr. Sebastian George Adichiyil**
Spiritual Director
St. Maximilian Kolbe Seminary
University P.O., Kalamassery - 682 022.

40. **Rev. Fr. Manuel Kuthukatt**
Priest in Charge, Queen of Rosary Church,
Elamkunnappuzha - 682 505.

41. **Rev. Fr. Jenin Antony Marottiparambil**
Administrator, Assisi Vidyaniketan Public School,
Perumpilly - 682 505.

42. **Rev. Fr. George Joseph Thoundayil**
Director, Aswas Counselling Centre
1st Floor, Ashis Building,
Marine Drive, Kochi-682031
Residence : Mount Carmel Church, Chathiath

43. **Rev. Fr. Lijo Peter Kannoth**
Priest in Residence
Christ the King Church
Christ Nagar, Varapuzha - 683 517.

44. **Rev. Fr. Augustine Baiju Kuttickal**
Parish Priest, Our Lady of Dolours Church
Manjaly, Mannam P.O., North Paravur - 683 520

45. **Rev. Fr. Sebastian Sony Kalathil**
Parish Priest, Our Lady of Perpetual Help Church
Udayamperur - 682 307

46. **Rev. Fr. Antony Vibin Xavier Velikkakath**
Studies,
Parrocchia di S. Paolo della Croce
Via Poggio Verde, 319-00148
Roma, Italy

47. **Rev. Fr. Joseph Sangeeth Adichiyil**
Diocese of Gallup, 503 W. Highway 66
Gallup, NM 87301, PO Box 1338, USA

48. **Rev. Fr. Jose Dominic Chooreparambil**
Director, St. Joseph's Boy's Hostel
Koonammavu, Varapuzha - 683 518.

49. **Rev. Fr. Christy Joseph Thykkattu SDB**
(20th January - 20th May 2024)
Asst. Parish Priest
St. John the Baptist Church
Palarivattom, Cochin - 682 025

50. **Rev. Fr. Agnel George OSMdL**
Special Pastoral Assistance
St. Joseph's Church
Neerikode - 683 511.

Chancellor

CASUS
FEBRUARY 2024

Q. Our Parish is a well known pilgrim centre where thousands of pilgrims come together to ask the intercession of our Heavenly Patron St. Jude and to worship the Lord. Can a pilgrim centre be called as a Diocesan Shrine by the very fact of mass gathering for Divine worship?

I. According to Can. 1230 it is only **with the approval of the local ordinary** a Church can be called as a Diocesan Shrine. Can. 1232 §1, says the local ordinary is competent to approve the statutes of a diocesan shrine; the conference of bishops for the statutes of a national shrine; the Holy See alone for the statutes of an international shrine. And there should be statutes in each Diocesan Shrine determining its purpose, the authority of the rector, and the ownership and administration of goods.

II. Basic Criteria for the Establishment of a Diocesan Shrine

1. It must be a Church intended for divine worship (Can. 1214).
2. It must be a place of historical significance.
3. It must be a place where there is extraordinary devotion to God, to our Lord Jesus Christ, patron saint of the Church or to another saint.
4. It must be a site of pilgrimage. The place must be frequented by pilgrims, not only by the parishioners but also from other parts of the diocese and the nearby dioceses.
5. It must have the proven capacity to accommodate a large number of pilgrims.

6. It must have the existence of a special social dimension of the devotion of the place, that is, a social action program that promotes the full human development of people.
7. It must be located at a place which has significant distance from an already existing diocesan shrine. No shrine will be established within the same vicariate.

III. Liturgical Requirements

1. It should be a center for worthy and exemplary celebrations of the liturgy, especially celebrations of the Eucharist and penance (Can. 1234).
2. The sacrament of Confession should be available to the pilgrims all the time or at least during the day of devotion to the Shrine. Thus, there must be enough confessionals in the premises of the Shrine.
3. Those who administer the place are encouraged to develop and utilize some form of common prayer, such as the liturgy of the hours and celebrations of the Word of God (SC 35,4).
4. Liturgical and devotional celebrations should faithfully observe their respective norms and promote the active participation of the Christian faithful, with due consideration for associations that have been approved by the Church.
5. The various elements required for liturgical celebrations (alter, ambo, presidential chair) should be situated according to the requirements of the reformed liturgy (cf. GIRM, 295-318).
6. Great care must be given to the observance of the principal celebrations of the liturgical year and to the ministry of preaching, both in liturgical homilies and in connection with popular devotions.

7. A sufficient number of liturgical ministers should be available to provide adequate pastoral care of pilgrims, especially for various language groups.
8. To enhance active participation of the entire assembly of the faithful, liturgical worship should be accompanied by sacred music which "adds delight to prayer, fosters unity of minds, or confers greater solemnity upon the sacred rites". (SC 112).

IV. Statute of the Proposed Shrine

Churches and sacred places applying to be Diocesan Shrines, **must submit their statutes to be approved by the Bishop**. "The statutes are to determine especially the purpose, the authority of the rector, and the ownership and administration of goods" (Can. 1232, §2).

V. Procedures

Parish:

1. Application for the designation as a shrine may be initiated by the parishpriest.
2. Prepare the following documents: a. Application Letter signed by the Parish Priest. b. Resolution of the Parish Pastoral Council. c. Statutes of the proposed shrine (Can. 1232, §2). d. Pastoral activities and schedule of liturgical services. e. Documents showing the ownership and administration of its site, building and other properties, that clearly follows both the ecclesiastical and civil laws. f. Documentations (history, testimonies, pictures, etc.) that show the extraordinary devotion to the saint.

Vicariate :

1. The vicariate submits a resolution, containing the signatures of all the priests, recommending to the Bishop the designation of the Church as a Diocesan Shrine.

2. The Vicar Forane gives his written opinion on the proposal.

3. The Episcopal Vicar of the district gives his written recommendation of the proposal.

Diocese:

1. The Diocesan Commission on Liturgy studies and evaluates the proposal.

2. Ocular inspection by the Bishop or by his representative.

3. The proposal is submitted to the Presbyteral Council for consultation (cf. Statutes, Presbyteral Council,).

3. Approval of the proposal by the Bishop. If not done the procedures the Parish Priests of pilgrim centers are obliged to initiate the procedures and supposed to submit to the Local Ordinary for its approval.

1. *How many officially declared Diocesan Shrines do we have in our Archdiocese?*

2. *Since there are incidents of stealing the Body of Christ for sacrileges purpose, what all safety measures can be taken by the Rectors of the Pilgrim centers ?*

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21